**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 218** **28-02-2023 - ൽ മറുപടിയ്ക്ക്**

**കെ.എം.എഫ്.ആർ. ആക്ടിൽ ഭേദഗതി വരുത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ ,<br>ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ഡോ സുജിത് വിജയൻപിള്ള,<br>ശ്രീ. മുരളി പെരുനെല്ലി | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര സർക്കാർ തീരക്കടൽ മത്സ്യബന്ധന അനുമതി വിദേശ കുത്തകകൾക്ക് നൽകുന്നുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സംസ്ഥാനത്തിന്റെ മത്സ്യസമ്പത്ത് സുസ്ഥിരമായ തോതിൽ പരിപാലിക്കുന്നതിന് 1980-ലെ കെ.എം.എഫ്.ആർ. ആക്ടിൽ പങ്കാളിത്ത വിഭവ സമാഹരണത്തിനും നിയന്ത്രണത്തിനുമായി കാലോചിതമായ ഭേദഗതികൾ വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | വിദേശ രാജ്യങ്ങളിൽ നിന്നുള്ള അത്യാധുനിക സംവിധാനങ്ങളുള്ള ട്രോളറുകൾ 12 നോട്ടിക്കൽ മൈലിന് പുറത്ത് എക്സ്ക്ലൂസീവ് എക്കണോമിക് സോൺ (EEZ) ൽ 2018 വരെ മത്സ്യബന്ധനം നടത്തിയിരുന്നു . എന്നാൽ 2018 ൽ കേന്ദ്ര സർക്കാർ വിദേശ യാനങ്ങൾക്ക് നൽകി യിരുന്ന ലെറ്റർ ഓഫ് പെർമിറ്റ് (LOP) കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളുടെ ആവശ്യവും കോടതി വിധിയും പരിഗണിച്ച് നിർത്തലാക്കിയതോടെ ഇത്തരത്തിലുള്ള മത്സ്യബന്ധനം അവസാനിച്ചിട്ടുണ്ട് . സംസ്ഥാനത്തിന്റെ മത്സ്യസമ്പത്ത് സുസ്ഥിരമായ തോതിൽ പരിപാലിക്കുന്നതിന് 1980 ലെ കെ.എം.എഫ്.ആർ. ആക്ടിൽ കാലോചിതമായ ഭേദഗതികൾ വരുത്തിയിട്ടുണ്ട്.<br><br>ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനായി 2017 ൽ KMFR ആക്ട് ഭേദഗതി ചെയ്യുകയും 2018 ൽ പുതിയ റൂൾ നിലവിൽ വന്നു. അത് പ്രകാരം ട്രോൾ നെറ്റുകളുടെ കോഡ്എന്റിൽ സ്ക്വയർ മെഷ് നിർബ്ബന്ധമാക്കി. പ്രധാനപ്പെട്ട എല്ലാ വലകളുടെയും ആകെ വലിപ്പം നിയന്ത്രിക്കുകയും കുറഞ്ഞ കണ്ണി വലിപ്പം നിശ്ചയിക്കുകയും നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. തീരക്കടലിലെ മത്സ്യബന്ധന സമ്മർദ്ദം കുറയ്ക്കുന്നതിനായി 20 മീറ്റർ വരെ നീളമുള്ളതും, 250 HP വരെ എൻജിൻ ക്ഷമതയുള്ളതുമായ യാനങ്ങൾക്കു മാത്രമായി സംസ്ഥാനത്തിന്റെ തീരക്കടലിൽ (കരയിൽ നിന്നും 12 നോട്ടിക്കൽ മൈൽ വരെ) മത്സ്യബന്ധന ലൈസൻസ് പരിമിതപ്പെടുത്തി. നശീകരണ മൽസ്യബന്ധന രീതികളായ പേഴ്സ്സീൻ , പെലാജിക് ട്രോൾ , മിഡ് വാട്ടർ ട്രോൾ , പെയർ ട്രോൾ എന്നിവ |

| | | | |
|---|---|---|---|
| | | | നിരോധിച്ചു. നിയമ ലംഘനങ്ങൾക്ക് വർധിച്ച പിഴ ഏർപ്പെടുത്തി. സംസ്ഥാനത്ത് പ്രവർത്തി ക്കുന്ന ബോട്ട് നിർമ്മാണ യാർഡുകൾക്കും , മൽസ്യബന്ധന വല നിർമാണ സ്ഥാപനങ്ങൾക്കും രജിസ്ട്രേഷൻ ഏർപ്പെടുത്തി. ചെറുമത്സ്യങ്ങളെ പിടിച്ച് വളം നിർമ്മാണത്തിനും മത്സ്യതീറ്റ നിർമ്മാണത്തിനും മറ്റും ഉപയോഗിക്കുന്നത് മത്സ്യസമ്പത്തിന്റെ ശോഷണത്തിന് കാരണമാകുന്നു എന്ന് മനസ്സിലാക്കി കേരള തീരത്ത് സുലഭമായ 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന വലിപ്പം നിശ്ചയിച്ച് വിജ്ഞാപനം ഇറക്കുകയും ആയത് നടപ്പിലാക്കുകയും ചെയ്തുവരുന്നു. കൂടാതെ ട്രോൾബാൻ 47 ദിവസത്തിൽ നിന്നും 52 ദിവസമായി വർദ്ധിപ്പിച്ചു. |
| (ബി) | ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന, ജില്ല, മത്സ്യഗ്രാമ തലങ്ങളിൽ ത്രിതല ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; | (ബി) | സമുദ്ര മത്സ്യബന്ധനത്തിന്റെ ഫലപ്രദമായ നടത്തിപ്പിനും പരിപാലനത്തിനും നിരീക്ഷണത്തിനുമായി സംസ്ഥാനതല / ജില്ലാതല ഫിഷറീസ് മാനേജ്മെൻറ് കൗൺസിലുകൾ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. അപ്രകാരം സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ, ജില്ലാ ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ എന്നിവയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കേരളത്തിലെ അഞ്ച് തീരദേശ ജില്ലകളിൽ (തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, കണ്ണൂർ, കാസർഗോഡ്) ഫിഷറീസ് വില്ലേജ് മാനേജ്മെന്റ് കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള തീരദേശ ജില്ലകളിലെ ഫിഷറീസ് വില്ലേജ് മാനേജ്മെന്റ് കൗൺസിലുകൾ രൂപീകരിച്ചു വരുന്നു. |
| (സി) | പ്രസ്തുത കൗൺസിലുകൾ വഴി ഏതെല്ലാം തരത്തിലുള്ള വിഭവ പരിപാലനവും നിയന്ത്രണങ്ങളുമാണ് സർക്കാർ ലക്ഷ്യം വയ്ക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ, ജില്ലാ ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ, വില്ലേജ് ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ എന്നിവ വഴി ലക്ഷ്യം വയ്ക്കുന്ന വിഭവ പരിപാലനവും നിയന്ത്രണവും സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | തീരക്കടൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്നും ഏതെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും അറിയിക്കാമോ? | (ഡി) | സീകേജ്, കടലിൽ കൃത്രിമ പാര് നിക്ഷേപിക്കുന്ന പദ്ധതി എന്നിവയാണ് തീരക്കടൽ മത്സ്യസമ്പത്ത് വർദ്ധിപ്പി ക്കുന്നതിന് നടപ്പിലാക്കുന്ന പദ്ധതികൾ. നോർവേയിൽ നിന്നുള്ള ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അധിഷ്ഠിത സാങ്കേതിക വിദ്യയുടെ പിന്തുണയോടെ യോജിച്ച പ്രദേശങ്ങളിൽ മത്സ്യത്തൊഴിലാളികളുടെ സജീവ പങ്കാളിത്തത്തോടെ സമുദ്രക്കൂട്ടുകൃഷി പദ്ധതി നടപ്പിലാക്കുവാൻ 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 96 കോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതു കൂടാതെ കടൽ മത്സ്യസമ്പത്ത് |

| | | | |
|---|---|---|---|
| | | | സംരക്ഷിയ്ക്കുന്നതിനും പരിപാലിക്കുന്നതിനും വർദ്ധിപ്പിയ്ക്കുന്നതിനും ഉതകുന്ന തരത്തിൽ കെ.എം.എഫ്.ആർ ആക്റ്റും ഉം റൂൾസും ഉം കാലോചിതമായി പരിഷ്കരിയ്ക്കുകയും കാര്യക്ഷമമായി നടപ്പിലാക്കുകയും ചെയ്തു വരുന്നു. വിവിധ മത്സ്യ വർഗ്ഗങ്ങളുടെ സ്വാഭാവിക ആവാസ വ്യവസ്ഥകൾ സംരക്ഷിയ്ക്കുന്നതിനു നടപടികൾ സ്വീകരിച്ചു വരുന്നു. യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങളും ട്രോളറുകളും ഉപയോഗിച്ചുള്ള മത്സ്യബന്ധനം മത്സ്യങ്ങളുടെ ആവാസ വ്യവസ്ഥയെയും പ്രജനന കേന്ദ്രങ്ങളെയും നശിപ്പിയ്ക്കുമെന്നു മനസിലാക്കി കേരള സമുദ്ര മൽസ്യബന്ധന നിയന്ത്രണ നിയമം 1980 (ഭേദഗതി നിയമം 2017) പ്രകാരം കൊല്ലംകോട് മുതൽ പറവൂർ പൊഴിക്കര വരെ തീരത്തു നിന്ന് 30 മീറ്റർ ആഴത്തിനു പുറത്തും പറവൂർ പൊഴിക്കര മുതൽ ബങ്കാരമഞ്ചേശ്വരം വരെ തീരത്തു നിന്നും 20 മീറ്റർ ആഴത്തിനു പുറത്തും മാത്രമാണ് യന്ത്രവൽകൃത മത്സ്യബന്ധന ബോട്ടുകൾക്ക് മത്സ്യ ബന്ധനം നടത്താൻ അനുമതി നൽകിയിട്ടുള്ളത്. ഇത് കൂടാതെ തീരക്കടലിലെ മത്സ്യബന്ധന സമ്മർദ്ദം കുറയ്ക്കുന്നതിനായി  സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള യന്ത്ര വൽകൃത യാനങ്ങളിൽ 20 മീറ്റർ നു മുകളിൽ നീളമുള്ളതും 250 HP ക്കു മുകളിൽ എഞ്ചിൻ കുതിരശക്തിയുള്ളതുമായ ബോട്ടുകൾക്ക് 12 നോട്ടിക്കൽ മൈലിനുള്ളിൽ ഫിഷിങ് ലൈസൻസ് നിരോധിച്ചു.  ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുന്ന തിനായി   ട്രോൾ  നെറ്റുകളുടെ കോഡ് എന്റിൽ സ്ക്വയർ  മെഷ് നിർബ്ബന്ധമാക്കി. പ്രധാനപ്പെട്ട എല്ലാ വലകളുടെയും ആകെ വലിപ്പം നിയന്ത്രിക്കുകയും കുറഞ്ഞ കണ്ണി വലിപ്പം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. ചെറുമത്സ്യങ്ങളെ പിടിച്ച് വളം നിർ മ്മാണത്തിനും മത്സ്യതീറ്റ നിർമ്മാണത്തിനും മറ്റും ഉപയോഗിക്കുന്നത് മത്സ്യസമ്പത്തിന്റെ ശോഷണത്തിന് കാരണമാകുന്നു എന്ന് മനസ്സിലാക്കി കേരള തീരത്ത് സുലഭമായ 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന കുറഞ്ഞ വലിപ്പം നിശ്ചയിച്ച് വിജ്ഞാപനം ഇറക്കുകയും ആയത് നടപ്പിലാക്കുകയും ചെയ്തുവരുന്നു. കൂടാതെ ട്രോൾ  ബാൻ  47 ദിവസത്തിൽ നിന്നും 52 ദിവസമായി വർദ്ധിപ്പിച്ചിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ, ജില്ലാ ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ, വില്ലേജ് ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ എന്നിവ വഴി ലക്ഷ്യം വയ്ക്കുന്ന വിഭവ പരിപാലനവും നിയന്ത്രണവും സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

## ഫിഷിംഗ് വില്ലേജ് മാനേജ്മെന്റ് കൗൺസിൽ

തദ്ദേശീയമായ ആവശ്യങ്ങൾ പരിഗണിച്ച് കൊണ്ട് ഒരു വില്ലേജ്തല മത്സ്യബന്ധന മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുകയും അതിന് ജില്ലാ ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിൽ നിന്നും അംഗീകാരം വാങ്ങുകയും, ഉത്തരവാദിത്വ മത്സ്യബന്ധനത്തെക്കുറിച്ചും മത്സ്യസമ്പത്തിന്റെ സംരക്ഷണത്തെ ക്കുറിച്ചും സമുദ്ര മത്സ്യബന്ധന ആൾക്കാരുടേയും തീരദേശവാസികളുടെയും ഇടയിൽ ബോധവൽക്കരണം നടത്തുക, ഫിഷിംഗ് വില്ലേജ് തലത്തിൽ മത്സ്യബന്ധനം നടത്തുന്നവരുടേയും തീരദേശവാസികളുടെയും ഇടയിലുള്ള പ്രശ്നങ്ങളും സാമൂഹികകലഹങ്ങളും പരിഹരിക്കുക, ഫിഷറീസ് വില്ലേജിൽ കെ.എം.എഫ്.ആർ ആക്ടിലെ വ്യവസ്ഥകൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് സഹായിക്കുക, ജില്ലാ ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിനെ അവരുടെ ചുമതലകൾ നിർഹിക്കുന്നതിലേയ്ക്കായി സഹായിക്കുകയും ആ കൗൺസിൽ ആവശ്യപ്പെടുന്ന വിവരങ്ങൾ നൽകുകയും ചെയ്യുക, ജില്ലാ ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ ഏൽപ്പിച്ച കർത്തവ്യങ്ങൾ നിർവ്വഹിക്കുകയും നടപ്പിലാക്കുകയും ചെയ്യുക, സമുദ്ര മത്സ്യ സമ്പത്ത് സംരക്ഷിക്കുന്ന സംഗതികളിൽ ജില്ലാ ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിന് വിവരങ്ങൾ നൽകുക.

## ജില്ലാ ഫിഷറീസ് മാനെജ്മെന്റ് കൗൺസിൽ

ജില്ലയ്ക്ക് വേണ്ട സമുദ്ര മത്സ്യബന്ധന മാനേജ്മെൻറ് പ്ലാൻ തയ്യാറാക്കി സ്റ്റേറ്റ് ഫിഷറീസ് മാനേജ്മെൻറ് കൗൺസിൽ (എസ്സ്.എഫ്.എം.സി.) ന്റെ അംഗീകാരം നേടൽ, വില്ലേജ് മാനേജ്മെന്റ് കൗൺസിലുകൾ തയ്യാറാക്കിയ വില്ലേജ്തല ഫിഷറീസ് മാനേജ്മെന്റ് പദ്ധതിയിൻ മേൽ ഉചിതമായ തീരുമാനമെടുക്കൽ, സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ ഏൽപ്പിക്കുന്ന കർത്തവ്യങ്ങളും അധികാരങ്ങളും നിർവ്വഹിക്കുക, സമുദ്ര മത്സ്യബന്ധനം നടത്തുന്നവരുടേയും തീരദേശവാസികളുടേയും ഇടയിൽ ജില്ലാതല അവബോധ ക്യാമ്പുകൾ നടത്തുക, ഫിഷറീസ് വില്ലേജ് മാനേജ്മെന്റ് കൗൺസിലുകൾ തമ്മിലുള്ളതും അവർ റഫർ ചെയ്യുന്നതുമായ പ്രശ്നങ്ങളും അഭിപ്രായ വ്യത്യാസങ്ങളും പരിഹരിക്കുക, കെ.എം.എഫ്.ആർ ആക്ടിലെ വ്യവസ്ഥകൾ ജില്ലയിൽ ഫലപ്രദമായി നടപ്പിലാക്കുന്നതിന് സഹായിക്കുക, എസ്സ്.എഫ്.എം.സി. ആവശ്യപ്പെടുന്ന വിവരങ്ങൾ നൽകുക, സമുദ്ര മത്സ്യ സമ്പത്ത് സംരക്ഷിക്കുന്ന സംഗതികളിൽ സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിന് വിവരങ്ങൾ നൽകുക.

## സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ

സംസ്ഥാനത്തിനോ അതിന്റെ ഭാഗത്തിനോ വേണ്ടി മറൈൻ ഫിഷറീസ് മാനെജ്മെന്റ് പ്ലാൻ തയ്യാറാക്കുക, മാരികൾച്ചറിനും സംരക്ഷണ പ്രവർത്തനങ്ങൾക്കുമായി അനുയോജ്യമായ സ്ഥലങ്ങൾ / പ്രദേശങ്ങൾ കണ്ടെത്തുക, സമുദ്ര മത്സ്യബന്ധനം നടത്തുന്നവർക്കും, തീരദേശവാസികൾക്കുമിടയിൽ ബോധവൽക്കരണം ഉണ്ടാക്കുക, മാരികൾച്ചർ, സമുദ്ര മത്സ്യ സമ്പത്തിന്റെ സംരക്ഷണം, വിളവെടുപ്പിന് ശേഷമുള്ള പ്രവർത്തനം എന്നീ മേഖലയിൽ പരിശീലന പരിപാടികൾ, സെമിനാറുകൾ, പദ്ധതികൾ എന്നിവ നടത്തുക, ജില്ലാ കൗൺ സിലുകൾ തമ്മിലുള്ളതും ജില്ലാ കൗൺസിലുകൾ റഫർ ചെയ്യുന്നതുമായ പ്രശ്നങ്ങളും അഭിപ്രായ വ്യത്യാസങ്ങളും പരിഹരിക്കുക, മാരികൾച്ചറിനേയും, സമുദ്ര മത്സ്യ സമ്പത്തിന്റെ സംരക്ഷണത്തിനേയും നടത്തിപ്പിനേയും കുറിച്ച് ശാസ്ത്രീയ പേപ്പറുകൾ, ബുക്കുകൾ, ആഡിയോ, വീഡിയോ കാസറ്റുകൾ, ജേർണലുകൾ മുതലായവ പ്രസിദ്ധീകരിക്കുക, സമുദ്ര മത്സ്യ സമ്പത്തിന്റെ നടത്തിപ്പിനേയും സംരക്ഷണത്തേയും കുറിച്ച് വിവരം നൽകുക. കൂടാതെ സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിന്റെ ഭരണ നടത്തിപ്പിന് ഉതകുന്നതോ ആനുഷംഗികമായതോ ആയിട്ടുള്ള മറ്റ് നിയമപരമായ കാര്യങ്ങൾ ചെയ്യുന്നതിന് / ചെയ്യിക്കപ്പെടുന്നതിനും മുകളിൽ പറഞ്ഞ ഉദ്ദേശങ്ങൾ കൈവരിക്കുന്നതിനും, ഏതെങ്കിലും പ്രശ്നത്തിൽ ജില്ലാ ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ എടുത്ത തീരുമാനം കെ.എം.എഫ്.ആർ ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണെന്ന് കണ്ടാൽ സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിന് അത് പരിശോധിക്കാവുന്നതും അത്തരം പ്രശ്നത്തിൽ പുതിയ തീരുമാനങ്ങൾ എടുക്കാവുന്നതുമാണ്.